വനിത ശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം
തീയതി :06-02-2023

**സർക്കുലർ**

വിഷയം: വനിതാ ശിശുവികസനവകുപ്പ് - ജീവനക്കാര്യം – സംസ്ഥാന സർക്കാർ ജീവനക്കാരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് ഓൺലൈൻ SCORE മുഖേന സമർപ്പിക്കുന്നതു- സംബന്ധിച്ച്:

സൂചന: 1) സ.ഉ(സാധാ)നം.3113/2021/പൊ.ഭ.വ തീയതി: 18.08.2021
2) ഈ കാര്യാലയത്തിൽ നിന്നും പുറപ്പെടുവിച്ച 10.12.2021, 01.04.2022, 28.04.2022, 04.01.2023 എന്നീ തീയ്യതികളിലെ WCD/E8/13959/2021 നമ്പർ പരിപത്രങ്ങൾ

വിവര സാങ്കേതിക വിദ്യ അടിസ്ഥാനമാക്കി ജീവനക്കാരുടെ സേവന കാര്യങ്ങൾ ഡിജിറ്റലൈസ് ചെയ്യുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാർ ജീവനക്കാരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ ഓൺ ലൈൻ മുഖേന സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് സർക്കാർ തീരുമാനിച്ചതിൻ പ്രകാരം വകുപ്പുതല പ്രൊമോഷൻ കമ്മിറ്റിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ ചുമതലയുള്ള സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറെ നോഡൽ ഓഫീസറായി ചുമതലപ്പെടുത്തുകയും തുടർന്നു വകുപ്പിൽ കോൺഫിഡൻഷ്യൽ റിപ്പോർട്ട് നൽകുവാൻ ബാധ്യസ്ഥരായ എല്ലാ ജീവനക്കാരും വെബ് അധിഷ്ഠിത സോഫ്റ്റ് വെയർ മുഖേന (www.score.kerala.gov.in) നിർബന്ധമായും രജിസ്റ്റർ ചെയ്ത് User Name & Password സ്വീകരിക്കേണ്ടതാണെന്നും കാട്ടി രജിസ്ട്രേഷനും കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിക്കുന്നതിനു വേണ്ട നടപടിക്രമങ്ങളും വിശദീകരിച്ചുകൊണ്ട് പരിപത്രം പുറപ്പെടുവിച്ചിരുന്നു. തുടർന്നു ഇത്തരത്തിൽ ജീവനക്കാർ സമർപ്പിക്കുന്ന കോൺഫിഡൻഷ്യൽ റിപ്പോർട്ടിൻ മേൽ റിപ്പോർട്ടിംഗ് ഓഫീസർ, റിവ്യൂവിംഗ് ഓഫീസർ എന്നിവരെ നിശ്ചയിച്ചും ആയവർ കോൺഫിഡൻഷ്യൽ റിപ്പോർട്ട് **Approve** ചെയ്യേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു.

വെബ് അധിഷ്ഠിത സോഫ്റ്റ് വെയർ (SCORE) മുഖേന കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സമർപ്പിക്കുന്നതു സംബധിച്ച പരിശീലനം ലഭ്യമാക്കണമെന്നു കാട്ടി ജീവനക്കാരിൽ നിന്നും അപേക്ഷകൾ ലഭ്യമായതിൻ പ്രകാരം ധനകാര്യ (I T സോഫ്റ്റ്‌വെയർ) വകുപ്പിന്റെ നേതൃത്വത്തിൽ വകുപ്പിലെ ജീവനക്കാർക്കായി **06/01/2023** തീയ്യതി സംസ്ഥാന തലത്തിൽ പരിശീലനം (Online) നൽകിയിട്ടുണ്ട്.

ഭരണപരിഷ്കാര കമ്മീഷൻ ശുപാർശ പ്രകാരം ഗസറ്റഡ് ജീവനക്കാരുടെ പ്രകടനം വിലയിരുത്തുന്നതിനായി നിലവിലുണ്ടായിരുന്ന ഗ്രേഡിംഗ് സംവിധാനതിനു പകരം 2022 മുതൽ സംഖ്യാ ഗ്രേഡിംഗ് നടപ്പിലാക്കിയിരിക്കുകയാണ്.

കോൺഫിഡൻഷ്യൽ റിപ്പോർട്ട് നൽകുവാൻ ബാധ്യസ്ഥരായ വകുപ്പിലെ ഉദ്യോഗസ്ഥർ SCORE സൈറ്റ് വഴി കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിക്കേണ്ടതും ആയതു റിപ്പോർട്ടിംഗ്/റിവ്യൂവിംഗ് ഓഫീസർമാർ പ്രസ്തുത പോർട്ടലിൽ രജിസ്റ്റർചെയ്ത ശേഷം ജീവനക്കാരുടെ പ്രകടനം വിലയിരുത്തി ഗ്രേഡുകൾ നൽകികൊണ്ട് റിപ്പോർട്ടിംഗ് ഓഫീസറുടെ റിമാർക്സ് സഹിതം ഓൺ ലൈനായി റിവ്യൂവിംഗ് ഓഫീസർക്ക് സബ്മിറ്റ് ചെയ്യുകയും, റിവ്യൂവിംഗ് ഓഫീസർ അംഗീകരിച്ച കോൺഫിഡൻഷ്യൽ റിപ്പോർട്ട് തിരികെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിച്ച ഉദ്യോഗസ്ഥന്റെ 'Inbox'-ൽ എത്തുകയും, ആ റിപ്പോർട്ട് പ്രസ്തുത ഉദ്യോഗസ്ഥൻ കണ്ട് "I have read the report' എന്ന് ഓൺ ലൈനായി സർട്ടിഫൈ ചെയ്യുന്നതോടെ നടപടികൾ പൂർത്തിയാകുന്നതുമാണ്. കൂടാതെ ടിയാളെ കുറിച്ചുള്ള വിലയിരുത്തലിൽ എന്തെങ്കിലും അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച അപ്പീലും ഓൺ ലൈനായി തന്നെ നൽകാവുന്നതാണ്.

/80085/2023

2021, 2022 എന്നീ വർഷത്തെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിക്കുവാൻ ബാധ്യസ്ഥരായ വകുപ്പിലെ എല്ലാ ജീവനക്കാരും 28.02.2023 ന് മുൻപായി സ്കോർ ഓൺലൈൻ പോർട്ടലിൽ (www.score.kerala.gov.in) രജിസ്റ്റർ ചെയ്തുകൊണ്ട് അതിൽ ലഭ്യമായ user manual ലെ നിർദ്ദേശപ്രകാരം CR സമർപ്പിക്കേണ്ടതും, പ്രസ്തുത റിപ്പോർട്ട് റിപ്പോർട്ടിംഗ് ഓഫീസർക്കും, റിപ്പോർട്ടിംഗ് ഓഫീസർ റിവ്യൂവിംഗ് ഓഫീസർക്കും സമർപ്പിക്കേണ്ടതുമാണ്. CR സമർപ്പിക്കുന്നത് സംബന്ധിച്ചുള്ള ജീവനക്കാരുടെ സംശയങ്ങൾക്ക് SCORE പോർട്ടലിലെ 1800-425-1857 എന്ന Toll Free നമ്പരിൽ ബന്ധപ്പെട്ടോ E-mail (info.score@kerala.gov.in) മുഖാന്തിരമോ സംശയ നിവാരണം നടത്താവുന്നതാണ്.

**വനിതാ ശിശുവികസന ഡയറക്ടർ**

പകർപ്പ്:

1. എല്ലാ ബന്ധപ്പെട്ട ജീവനക്കാർക്കും
2. എല്ലാ കാര്യാലയ മേധാവികൾക്കും
3. സ്റ്റോക്ക് ഫയൽ

**Signed by Priyanka G**
**Date: 06-02-2023 17:06:15**